പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 169 — 17.03.2015-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.ഇ അസോസിയേഷൻ നേതൃത്വത്തിൽ നടന്ന രാപകൽ സത്യാഗ്രഹ സമരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>" എം. ചന്ദ്രൻ :<br>" കെ. രാധാകൃഷ്ണൻ :<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കെ.എസ്.ആർ.ടി.ഇ. അസോസിയേഷൻ നേതൃത്വത്തിൽ നടന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കിയത് ഏതെല്ലാം വ്യവസ്ഥകൾ അംഗീകരിച്ച് കൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി. യെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സെക്രട്ടറിയേറ്റ് നടയിൽ നടത്തിവന്ന സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് 22.12.2014ന് ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത ചർച്ചാ യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ വിതരണത്തിന് പെൻഷൻ ഫണ്ട് രൂപീകരിക്കുന്നു. ഇതിനായി ഓരോ മാസവും 20 കോടി രൂപ കെ.എസ്. ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കും. കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ ഇത്തരത്തിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായി സർക്കാർ നോൺ പ്ലാൻ വിഹിതമായി ഒരു വർഷം പരമാവധി 240 കോടി രൂപ അനുവദിക്കും.<br>2. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സർക്കാർ വായ്പാ ബാദ്ധ്യത മൂലധന നിക്ഷേപമാക്കി മാറ്റും.<br>3. കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത തീർക്കുന്നതിന് 200 കോടി രൂപയുടെ അധിക വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകും.<br>വരുമാനം വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ചുവടെ സൂചിപ്പിക്കുന്നതിൻ പ്രകാരമുള്ള നടപടി സ്വീകരിക്കും.<br>1. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കോർപ്പറേഷൻ എടുത്ത വായ്പതുക മറ്റ് ബാങ്കുകളിലേക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല തിരിച്ചടവ് കാലാവധിയുള്ള വായ്പയാക്കി മാറ്റും.<br>2. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കും.<br>3. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കും.<br>4. ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കും.<br>5. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ വിദഗ്ധ പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തതിനുശേഷം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും.<br>6. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനി മുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കുന്നതല്ല. |
| (ബി) | ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ടോ; ഒത്തുതീർപ്പ് വ്യവസ്ഥകളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ എന്തൊക്കെയാണ് ; വിശദമാക്കാമോ ? | (ബി) | കെ.എസ്.ആർ.ടി.സി നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 22.12.2014 ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ കോർപ്പറേഷൻ നടപ്പാക്കി വരികയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | 1 ഒക്ടോബർ മാസത്തെ പെൻഷൻ തുക യോഗ തീരുമാന പ്രകാരം 24.12.2014ന് തന്നെ വിതരണം ചെയ്തു. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുകയും (15000 രൂപ വരെ) അതതു മാസങ്ങളിലും നവംബർ മാസത്തെ കുടിശ്ശിക (15000/- രൂപ വരെ) 10.03.2015-നും വിതരണം ചെയ്യുകയുണ്ടായി.<br>2. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 200 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിനായി സർക്കാർ ഗ്യാരന്റി ആവശ്യപ്പെട്ട് സർക്കാരിനെ കോർപ്പറേഷൻ സമീപിച്ചിട്ടുണ്ട്.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് ദീർഘകാല വായ്പയാക്കി മാറ്റുന്നതിനായി ഉപദേശക സ്ഥാപനമായി M/s. SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ കോർപ്പറേഷൻ നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി വായ്പ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾക്ക് സമർപ്പിച്ചു കഴിഞ്ഞു.<br>4. സർക്കാർ വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിലേക്കായി കോർപ്പറേഷൻ സമർപ്പിച്ച proposal സർക്കാർ പരിശോധിച്ചുവരുന്നു.<br>5. കെ.എസ്.ആർ.ടി.സി ബസ്സുകളിലെ യാത്രക്കാരിൽ നിന്നും സാമൂഹിക സുരക്ഷ സെസ് ഇനത്തിൽ തുക ഈടാക്കുക വഴി എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. ഇതിനുള്ള സ്കീം വിജ്ഞാപനം ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | 6. നഷ്ടത്തിലോടുന്ന സർവ്വീസ്സുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. .<br>7. ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയ്ക്ക് ഒപ്പമാക്കുക, ആയതിലൂടെ ചെലവ് ചുരുക്കാൻ കഴിയും. ഇതിനുള്ള ശ്രമം ആരംഭിച്ചു.<br>8. കൊറിയൽ, പബ്ലിക്ക് ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടർ, സ്ഥലസൗകര്യമുള്ള യൂണിറ്റുകളിൽ ഇന്ത്യൻ കോഫി ഹൗസ് എന്നിവ നടപ്പാക്കുന്നതിലൂടെ ടിക്കറ്റ ഇതര റവന്യൂ വരുമാനം വർദ്ധിക്കുന്നതാണ്. ഇതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>9. ആധുനിക ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതുവഴി സർവ്വീസ് ഇതര വരുമാനം വർദ്ധിക്കുന്നതാണ്. പണി പൂർത്തീകരിച്ച കെട്ടിടങ്ങളിലെ സ്ഥലം ലേലം ചെയ്ത് നൽകുന്ന നടപടികൾ നടന്നു വരുന്നു.<br>10. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേയ്ക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ